# തളികയിലെ നാണയങ്ങൾ

■ ഗീത പി.എ. കല്ലട

പേർഷ്യയിൽ പണ്ട് അലി എന്നു പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. ഒരിക്കൽ അവന്റെ ബാപ്പ അവനെ സുൽത്താന്റെ കൊട്ടാരം കാണിക്കാൻ കൊണ്ടുപോയി. കൊട്ടാരമെല്ലാം കണ്ടു കഴിഞ്ഞപ്പോൾ അവൻ ബാപ്പയോട് ചോദിച്ചു: "ബാപ്പാ, ഈ കൊട്ടാരത്തിൽ ഒരു ജോലി കിട്ടാൻ എന്തു ചെയ്യണം?"

അതു കേട്ട് ബാപ്പ അവനെ ചേർത്തു പിടിച്ചു കൊണ്ട് പറഞ്ഞു: "നല്ല മിടുക്കനായി പഠിച്ചാൽ ഈ കൊട്ടാരത്തിൽ ജോലി കിട്ടും."

"എങ്കിൽ ഞാൻ നന്നായി പഠിക്കും," അലി ഉറച്ച ശബ്ദത്തിൽ പറഞ്ഞു.

അങ്ങനെ അന്നു മുതൽ അലി നന്നായി പഠിക്കാൻ തുടങ്ങി. വർഷങ്ങൾ കഴിഞ്ഞ് പഠനമെല്ലാം പൂർത്തിയായപ്പോൾ അവൻ എന്തു ചെയ്തെന്നോ, നേരേ സുൽത്താന്റെ കൊട്ടാരത്തിലേക്ക് ചെന്നു.



അപ്പോഴതാ കൊട്ടാരമുറ്റത്ത് മൂന്നു പേർ ദുഃഖിച്ചിരിക്കുന്നു. മന്ത്രിയും സേനാനായകനും മൂന്നാമത്തെ ആൾ കൊട്ടാരം പണ്ഡിതനും ആയിരുന്നു. അവൻ അവരോട് അവരുടെ വിഷമത്തിന്റെ കാര്യം അന്വേഷിച്ചു.

അപ്പോൾ പണ്ഡിതൻ പറഞ്ഞു: "സുൽത്താൻ ഒരു തളികയിൽ മൂന്ന് നാണയങ്ങൾ വെച്ചിട്ട് അതിൽ നിന്നും ഓരോ നാണയങ്ങൾ എടുത്തു കൊള്ളാൻ പറഞ്ഞു. പക്ഷേ ഒരു

വനഭൂമി ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം– മധ്യപ്രദേശ്

കാര്യം, ഞങ്ങൾ ഓരോ നാണയം സ്വന്തമാക്കിയാലും തളികയിൽ ഒരു നാണയം അവശേഷിക്കണമെന്ന്. അങ്ങനെ ഞങ്ങൾ ഓരോ നാണയം വീതം എടുത്തു നോക്കി. അപ്പോൾ തളിക ശൂന്യമായി..!"

അലി ഒരു നിമിഷം എന്തോ ചിന്തിച്ചു നിന്നു. എന്നിട്ട് ചോദിച്ചു: " ആ തളിക എവിടെ?"

"സുൽത്താന്റെ സിംഹാസനത്തിന്റെ മുന്നിലെ പീഠത്തിലാണ് ഇപ്പോൾ ആ തളിക ഇരിക്കുന്നത്," മന്ത്രി പറഞ്ഞു.

"എങ്കിൽ നമുക്ക് അങ്ങോട്ട് പോകാം. ഈ പ്രശ്നം പരിഹരിക്കാൻ പറ്റുമോ എന്ന് ഞാനൊന്ന് നോക്കട്ടെ," അലി പറഞ്ഞു.

അങ്ങനെ അവരോടൊപ്പം അലി സുൽത്താന്റെ മുന്നിലെത്തി.

എന്നിട്ട് തളികയിൽ നിന്നും ഒരു നാണയമെടുത്ത് മന്ത്രിക്ക് കൊടുത്തു. ഒന്നെടുത്ത് സേനാനായകനും കൊടുത്തു. ശേഷിച്ച ഒരു നാണയം തളികയോടു കൂടി പണ്ഡിതനും കൊടുത്തു. പിന്നെ സുൽത്താനെ വണങ്ങിക്കൊണ്ട് പറഞ്ഞു: " പ്രഭോ, ഇവർ ഓരോരുത്തരും ഓരോ നാണയം വീതം സ്വന്തമാക്കി. എന്നാൽ തളികയിൽ ഒരു നാണയം ഇരിക്കുന്നുമുണ്ട്."

സുൽത്താൻ സിംഹാസനത്തിൽ നിന്നും ഇറങ്ങി വന്ന് അലിയുടെ തോളിൽ തട്ടി അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു: "നീ ആളൊരു മിടുക്കനാണല്ലോ! നമുക്ക് ഒരു ഉപദേശകനെ ആവശ്യമുണ്ടായിരുന്നു. നീ അതിനു പറ്റിയ ആളാണെന്ന് തോന്നുന്നു. അതിനാൽ നിന്നെ നാം നമ്മുടെ ഉപദേശകനായി നിയമിക്കുകയാണ്."

അങ്ങനെ സുൽത്താന്റെ ഉപദേശകനായി അലി പിന്നീടുള്ള കാലം സുഖമായി കൊട്ടാരത്തിൽ കഴിഞ്ഞു.

## തപാൽ സ്റ്റാമ്പിൽ ആദ്യം ആദരിക്കപ്പെട്ടവർ

1. തപാൽ സ്റ്റാമ്പിൽ ആദരിക്കപ്പെട്ട ആദ്യ മലയാളി- ശ്രീനാരയണ ഗുരു
2. തപാൽ സ്റ്റാമ്പിലൂടെ ആദരിക്കപ്പെട്ട ആദ്യ മലയാളി വനിത- സിസ്റ്റർ അൽഫോൻസാമ്മ
3. തപാൽ സ്റ്റാമ്പിലൂടെ ആദരിക്കപ്പെട്ട ആദ്യ മലയാള കവി- കുമാരനാശാൻ
4. തപാൽ സ്റ്റാമ്പിലൂടെ ആദരിക്കപ്പെട്ട മലയാളി ചിത്രകാരൻ- രാജരവിവർമ്മ
5. തപാൽ സ്റ്റാമ്പിലൂടെ ആദരിക്കപ്പെട്ട തിരുവിതാംകൂർ രാജാവ്- സ്വാതിതിരുനാൾ
6. തപാൽ സ്റ്റാമ്പിലൂടെ ആദരിക്കപ്പെട്ട ആദ്യ വനിത- മീരാഭായി
7. തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ കേരള മുഖ്യമന്ത്രി- ഇ.എം.എസ്സ് നമ്പൂതിരിപ്പാട്
8. രണ്ടുവട്ടം തപാൽ സ്റ്റാമ്പിൽ ആദരിക്കപ്പെട്ട മലയാളി- വി.കെ കൃഷ്ണമേനോൻ
9. തപാൽ സ്റ്റാമ്പിൽ ആദ്യം ആദരിക്കപ്പെട്ട വ്യക്തി- മഹാത്മാഗാന്ധി


മഹാത്മാഗാന്ധി


ശ്രീനാരയണ ഗുരു


സിസ്റ്റർ അൽഫോൻസാമ്മ


കുമാരനാശാൻ


വി.കെ കൃഷ്ണമേനോൻ


മീരാഭായി


സ്വാതിതിരുനാൾ

ആറ്റത്തിലെ ഭാരം കുറഞ്ഞ കണം- ഇലക്ട്രോൺ